## പാഠം 6

# അറബിക്കഥ

വളരെപ്പണ്ട് ബാഗ്ദാദിൽ ദരിദ്രനും അതേ സമയം ദയാലുവുമായ ഒരു ചെറുപ്പക്കാരൻ താമസിച്ചിരുന്നു. ഉമ്മർ എന്നായിരുന്നു അവന്റെ പേര്. കാട്ടിൽ പോയി വിറകു ശേഖരിച്ച് അത് വിറ്റ് ഉപജീവനം നടത്തി വന്ന ഉമ്മർ അന്ധയായ മാതാവിനോടൊപ്പം സുഖമായിതാമസിച്ചുവരികയായിരുന്നു.

ഒരിക്കൽ കാട്ടിൽനിന്ന് തിരിച്ചുവരുമ്പോൾ കുറെ കുട്ടികൾ ഒരു പൂച്ചക്കുഞ്ഞിനെ ഉപദ്രവിക്കുന്നതു കണ്ട് അലിവു തോന്നിയ ഉമ്മർ ആ പൂച്ചക്കുട്ടിയെ എടുത്ത് വീട്ടിലേക്ക് കൊണ്ടുവന്നു. ഉള്ള ആഹാരത്തിൽനിന്ന് ഒരു പങ്ക് അമ്മ ആ പൂച്ചയ്ക്കും കൊടുത്തു. പിറ്റേന്ന് ഇതുപോലെ ഒരു പട്ടിക്കുഞ്ഞിനെ അവന് കിട്ടി. അങ്ങനെ ആ വീട്ടിൽ നാലംഗങ്ങളായി. മൂന്നാം ദിവസം ഒരു പാമ്പും കുട്ടികളിൽനിന്ന് രക്ഷപ്പെട്ട് അവന്റെ കൂടെക്കൂടി. പാമ്പിനെ കണ്ട് അവൻ ഒന്ന് ഞെട്ടിയെങ്കിലും പരമകാരുണികനായ അല്ലാഹു തന്റെ രക്ഷയ്ക്കെത്തും എന്ന ഉറച്ച വിശ്വാസത്തോടെ, പാമ്പിനെയും എടുത്ത് അവൻ വീട്ടിലെത്തി.

പിറ്റേദിവസം അവൻ കാട്ടിലേക്കു പുറപ്പെടാൻ നില്ക്കെ ആ ഉരഗം പറഞ്ഞു: "എന്നെക്കൂടി കൊണ്ടുപോകൂ. നിങ്ങൾക്ക് എന്തെങ്കിലും ഗുണമുണ്ടാകും." ഉമ്മർ അനുസരിച്ചു. ഒരു മലയുടെ അടിവാരത്ത് എത്തിയപ്പോൾ പാമ്പ് പറഞ്ഞു: "എന്റെ പിതാവ് സർപ്പരാജാവാണ്. നീയെന്നെ രക്ഷിച്ചതുകൊണ്ട് അദ്ദേഹം സമ്മാനം തരാൻ ഇഷ്ടപ്പെടും. അദ്ദേഹത്തിന്റെ നാവിനടിയിലെ മാണിക്യം നീ ആവശ്യപ്പെടണം. ആ കല്ല് നിന്റെ നാവിനടിയിൽവച്ച് നീ എന്താഗ്രഹിക്കുന്നുവോ അത് ഉടനേ സാധിക്കും."



ഉമ്മറിന് സർപ്പരാജാവ് മാണിക്യംതന്നെ നല്കി. ഉമ്മർ അത് നാവിനടിയിൽ വച്ചു. അതിൻ ഫലമായി നല്ലൊരു വീടും സുഭിക്ഷമായ ഭക്ഷണവും അവന് തരമായി. അമ്മയ്ക്ക് കാഴ്ച ലഭിച്ചു. ആ നാട്ടിലെ പണക്കാരനായ മുഹമ്മദ്ഖാന്റെ മകളെ വിവാഹവുംകഴിച്ചു.

ഒരു ദിവസം ഉമ്മറിന്റെ ഭാര്യ സുബൈദ തന്റെ തോഴിയായ ഗയാനിയെ വരുത്തി. സുബൈദയുടെ വീട്ടിലെ ഐശ്വര്യം കണ്ട് ഗയാനിക്ക് അസൂയ തോന്നി. സൂത്രത്തിൽ

ഐശ്വര്യത്തിന്റെ രഹസ്യവും അവൾ കണ്ടുപിടിച്ചു. ആ ദിവ്യരത്നം സ്വന്തമാക്കാനുള്ള ഉപായം എന്തെന്ന് ആലോചിച്ചുകൊണ്ട് അവൾ ഇങ്ങനെ പറഞ്ഞു: "ഞാനാണെങ്കിൽ ഈ മഹാരത്നം വാങ്ങി സൂക്ഷിച്ചുവയ്ക്കും. അല്ലെങ്കിൽ ആരെങ്കിലും കൊണ്ടുപോയാലോ?"

സ്നേഹമയിയും നിഷ്കളങ്കയുമായ സുബൈദ ഉമ്മറിനോട് അത് സൂക്ഷിച്ചുവയ്ക്കുവാൻ ആവശ്യപ്പെട്ടു. ഉമ്മർ അത് അവളുടെ കൈയിൽ കൊടുത്തു. അടുത്ത ദിവസം സുബൈദ ഗയാനിയെ രത്നം കാണിച്ചുകൊടുത്തു. പെട്ടെന്ന് ഗയാനി അത് തട്ടിയെടുത്ത് നാവിന്നടിയിൽ വച്ചുകൊണ്ട് പറഞ്ഞു: "നീ ഒരു പോക്കാച്ചിത്തവളയായി പോകട്ടെ. ഞാനീ കൊട്ടാരത്തോടെ കടലിന്നക്കരെ എത്തട്ടെ."

വൈകുന്നേരം ഉമ്മർ മടങ്ങിയെത്തി. ഭാര്യയില്ല, അരമനയില്ല, ഒരു തവളമാത്രം അയാളെ ചുറ്റിപ്പറ്റി നിന്നു. അയാളുടെ വ്യസനം കണ്ട പൂച്ചയും പട്ടിയും പറഞ്ഞു:

"നിങ്ങളെ ഞങ്ങൾ രക്ഷിക്കാം." പൂച്ചയെ പുറത്തു കയറ്റി പട്ടി കടലിന്നക്കരയിലേക്ക് നീന്തി. രാജധാനിയിൽ അവർ എത്തി. പാറാവുകാരൻ അവരെ അടിച്ചോടിച്ചു. രാത്രിയായി. അവിടെക്കണ്ട എലിയുമായി അവർ ചങ്ങാത്തംകൂടി. ആ അദ്ഭുതരത്നം ഗയാനിയുടെ കൈയിൽനിന്നും സ്വന്തമാക്കാൻ എലിയും അവരെ സഹായിച്ചു. എലി തന്റെ വാൽ അവളുടെ മൂക്കിലിട്ടു. ഗയാനി തുമ്മിയപ്പോൾ വായിൽക്കിടന്നിരുന്ന രത്നം തെറിച്ചുപോയി. എലി അതെടുത്ത് പൂച്ചയ്ക്ക് കൊടുത്തു. പൂച്ചയും പട്ടിയുംകൂടി ഓടിപ്പോയപ്പോൾ ഗയാനിയുടെ സൈനികർ കപ്പലിൽ അവരെ പിന്തുടർന്നു; ഇതു കണ്ട പൂച്ച മാണിക്യം വായിലിട്ടുകൊണ്ടു പറഞ്ഞു: "ഞങ്ങൾ കടലിനു മറുകരെ എത്തട്ടെ."



നിമിഷങ്ങൾക്കകം അവർ എത്തി. അമൂല്യരത്നം ഉമ്മറിനെ ഏല്പിച്ചു. എല്ലാം പഴയപടിയായി. സുബൈദയെ കബളിപ്പിച്ച ഗയാനിക്ക് തക്ക ശിക്ഷ കിട്ടി. ഗയാനിയെ പോക്കാച്ചിത്തവളയാക്കി മാറ്റി.

അവരെല്ലാവരും സുഖമായി കൊട്ടാരത്തിൽ താമസിച്ചു.